"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് -ജീവനക്കാര്യം - ശ്രീ.വിവേക് കെ.വി., ശ്രീ ഗിരീഷ് ജോൺ, ശ്രീ ജെയിംസ് സെബാസ്റ്റ്യൻ എന്നിവരുടെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.651/2024/TAXES തീയതി,തിരുവനന്തപുരം, 22-07-2024

---

പരാമർശം:-

1. 16.11.2022 ലെ സ.ഉ (സാധാ) 877/2022/നികുതി.
2. ശ്രീ.വിവേക് കെ.വി. 05.11.2023 ൽ സമർപ്പിച്ച അപേക്ഷ.
3. ശ്രീ.ഗിരീഷ് ജോൺ 21.10.2023 ൽ സമർപ്പിച്ച അപേക്ഷ.
4. ശ്രീ ജെയിംസ് സെബാസ്റ്റ്യൻ 05.11.2023 ൽ സമർപ്പിച്ച അപേക്ഷ.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.11.2023 ലെ LSGD/PD/64428/2023-DEF3 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.11.2023 ലെ LSGD/PD/522/2023-DEF2 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.11.2023 ലെ LSGD/PD/65869/2023-DEF5 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
8 കെ.എസ്സ്.ബി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 10.07.2024 ലെ 33323/AS12/EXT/KSBC/2023-24 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള മഞ്ചേരി നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.വിവേക് കെ.വി., ഇടുക്കി ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ ശ്രീ. ഗിരീഷ് ജോൺ, വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ. ജെയിംസ് സെബാസ്റ്റ്യൻ എന്നിവരെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ ഓഫീസ് അറ്റൻഡന്റ് / ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത അന്യത്ര സേവനം 29.11.2023 ൽ പൂർത്തിയായതിനാൽ ഒരു വർഷത്തേയ്ക്ക കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ടി ജീവനക്കാർ പരാമർശം 2, 3, 4 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടി ജീവനക്കാരുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 5, 6, 7 പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുണ്ട്. ടി ജീവനക്കാരുടെ അന്യത്ര സേവന കാലാവധി 30.11..2023 മുതൽ 1 വർഷം കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം 8 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മഞ്ചേരി നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.വിവേക് കെ.വി., ഇടുക്കി ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിലെ ഓഫീസ്

അറ്റൻഡന്റ്/ചെയിൻമാൻ ശ്രീ ഗിരീഷ് ജോൺ, വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ ജെയിംസ് സെബാസ്റ്റ്യൻ എന്നിവരുടെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി 30.11.2023 മുതൽ ഒരു വർഷത്തേയ്ക്കോ,പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ എന്ന ക്രമത്തിൽ ദീർഘിപ്പിക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന പെർഫോമെൻസ് ഇൻസെന്റീവ്/എക്സ്ഗ്രേഷ്യ-യ്ക്ക് ടി ജീവനക്കാർ അർഹരാകുന്നതല്ല. 30.11.2023 മുതൽ ഒരു വർഷം തികയുന്ന / പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്ന മുറയ്ക്ക് ടി ജീവനക്കാരെ മാതൃവകുപ്പിലേയ്ക്ക് ബിവറേജസ് കോർപ്പറേഷൻ & മാനേജിംഗ് ഡയറക്ടർ വിടുതൽ ചെയ്യേണ്ടതാണ്.

3) അന്യത്ര സേവന കാലാവധിയ്ക്കുള്ളിൽ ടി ജീവനക്കാർക്ക് സ്ഥാനകയറ്റം ലഭിക്കുകയാണെങ്കിലോ അന്യത്രസേവനം അനുവദിച്ചിട്ടുള്ള കാലാവധിയ്ക്ക് ശേഷം അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് സർക്കാർ അനുമതി നല്കിയില്ലെങ്കിലോ ടി ജീവനക്കാരുടെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1-ലെ ചട്ടം 140 (സി) പ്രകാരം ടി ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ്, പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചന്ദ്രഗോപൻ എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്

1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്സ് ബി.സി, ബെവ്കോ ടവർ, വികാസ് ഭവൻ പി.ഒ. പാളയം, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്,കവടിയാർ പി.ഒ, തിരുവനന്തപുരം - 695 003.
3) ബന്ധപ്പെട്ട ജീവനക്കാരന്. (കെ.എസ്സ്.ബി.സി മുഖാന്തിരം)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
5) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
6) വെബ്ബ് ആന്റ് ന്യൂ മീഡിയ
7) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ2/213/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 22-07-2024 13:04:06